E 8016 (Pages : 3) Reg. No..............................

Name..................................

# B.Sc. DEGREE (C.B.C.S.S.) EXAMINATION, MAY 2014

## Second Semester

Additional Language—Malayalam

## ഗദ്യം, രചന

(For Model II B.Sc. Programmes)

[2013 admissions]

Time : Three Hours Maximum : 80 Marks

### എ വിഭാഗം

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഒരു വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക :

1. നാട്യശാസ്ത്രം എഴുതിയത് ആര് ?
2. ഓസോൺപാളിയുടെ നാശത്തിന് കാരണമാകുന്ന വാതകം.
3. 'അഗ്നിസാക്ഷി' എന്ന നോവലിന്റെ കർത്താവ്.
4. ഇന്ത്യൻ ഭരണഘടനയിലെ അവസരസമത്വം ഉറപ്പാക്കുന്ന വകുപ്പ് ഏത് ?
5. അയ്യങ്കാളി ജനിച്ച വർഷം.
6. 'ആത്മവിദ്യാലയമേ . . .' എന്നാരംഭിക്കുന്ന ചലച്ചിത്ര ഗാനം ആലപിച്ചതാര് ?
7. താഴെപ്പറയുന്നവയിൽ തത്ഭവം ഏത് ?

    (a) കൃഷ്ണൻ. (b) ശ്രേണി.

    (c) പക്കം. (d) അംബ.

8. ശരിയായ പദം എടുത്തെഴുതുക :

    (a) വാക്‌വാദം. (b) വാഗ്വാദം.

    (c) വാങ്‌വാദം. (d) വാഘ്‌വാതം.

9. ശരിയായ പദമേത് ?

    (a) അടിമത്വം. (b) അടിമത്തം.

    (c) അടിമത്ത്വം. (d) അടിമത്ത്യം.

10. അർഥ വ്യത്യാസമെഴുതുക :

    പരിണാമം : മാറ്റം — പരിമാണം : —————.

    (a) ഉറക്കം. (b) അളവ്.

    (c) അലങ്കാരം. (d) സമുദ്രം.

(10 × 1 = 10)

Turn over

## ബി വിഭാഗം

അരപ്പുറത്തിൽ (അമ്പതു വാക്ക് ) കവിയാതെ **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. സമസ്ത കൊച്ചി പുലയ മഹാസഭ രൂപീകരിക്കപ്പെട്ടതിന്റെ പശ്ചാത്തലമെന്ത് ?
12. ഒരു മതേതര രാഷ്ട്രത്തിന്റെ ധർമ്മമെന്താണ് ?
13. 'ഈ വേഷത്തിനൊന്നും ഇനി വേറൊരാൾ നോക്കണ്ട' എന്നു തുറന്നു പറയുന്നതും കേട്ടിട്ടുണ്ട് —പറഞ്ഞതാര് ? സന്ദർഭമേത് ?
14. 'പൊതുവെ മൂന്നാംലോക രാഷ്ട്രങ്ങളെ പ്രതിക്കൂട്ടിൽ കയറ്റാനുള്ള പ്രവണതയാണ് വികസിത രാഷ്ട്രങ്ങളിൽ കാണുന്നത് '—കാരണമെന്ത് ?
15. ക്ലാസിക്കൽ തീയറ്ററിന്റെ ഒരു സവിശേഷത ചൂണ്ടിക്കാണിക്കുക.
16. മാധവിക്കുട്ടിയുടെ ആത്മാർഥതയുടെ തെളിവായി ലേഖകൻ എടുത്തുകാട്ടുന്നതെന്ത് ?
17. ലളിതാംബിക അന്തർജനത്തിന്റെ സാഹിത്യാത്മാവിന് പരിമിതികളില്ലാത്ത അംബികാത്വമാണുള്ളത് എന്നു പറയാൻ കാരണമെന്ത് ?
18. 'തുമ്പപ്പൂ പെയ്യണ പൂനിലാവേ . . .' എന്ന ലേഖനത്തിൽ പരാമർശിക്കപ്പെടുന്ന വ്യക്തികൾ ആരെല്ലാം ?
19. യന്ത്രപരിഭാഷയുടെ സവിശേഷത എന്ത് ?
20. സൈബർ ഭാഷയിൽ 'പ്രോഗ്രാം' എന്ന പദത്തിന്റെ അർഥവ്യാപ്തിയെന്ത് ?
21. ബ്ലോഗിന്റെ മാധ്യമപ്രസക്തി എന്താണ് ?
22. ഇ-കൊമേഴ്സ് എന്നാലെന്ത് ?

$(8 \times 2 = 16)$

## സി വിഭാഗം

ഒരു പുറത്തിൽ (നൂറ് വാക്ക് ) കവിയാതെ **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. പ്രത്യുല്പാദനപരമല്ലാത്ത നിക്ഷേപം കൊണ്ട് നമ്മുടെ സാമ്പത്തിക ജീവിതം നിശ്ചലമാകുകയാണ് എന്ന് എ.പി. ഉദയഭാനു പറയാൻ കാരണമെന്ത് ?
24. മാധവിക്കുട്ടിയുടെ ജീവിതവും കലയും ഒന്നു തന്നെയാണെന്ന നിരൂപകന്റെ അഭിപ്രായം ചർച്ച ചെയ്യുക.
25. 'തീയറ്റർ' എന്ന പദം ഉൾക്കൊള്ളുന്ന അർഥവിപക്ഷകൾ എന്തെല്ലാം ?
26. കബീറിന്റെയും ഉസ്താദ് ബിസ്മില്ലാഖാന്റെയും ജീവിതത്തിലെ മധ്യമാർഗം ലേഖകൻ ചിത്രീകരിക്കുന്നതെങ്ങനെ ?
27. CFC യുടെ ഉപയോഗത്തിൽ മൂന്നാം ലോകത്തിന്റെ സംഭാവന വെറും ഏഴു ശതമാനം മാത്രമാണ് —എന്തുകൊണ്ട് ?
28. 'ഓർമകൾ ചന്ദനഗന്ധം പോലെ' എന്ന കൃതിയുടെ അനുഭൂതക സൗന്ദര്യമെന്ത് ? വിശദമാക്കുക.
29. വാണിജ്യപരമായ കത്തിന്റെ പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുക.
30. ഇ-ഗവേണൻസ് നൽകുന്ന സേവനങ്ങൾ എന്തെല്ലാം ?
31. കവിതാവിവർത്തനത്തിന്റെ പരിമിതികൾ വിശദീകരിക്കുക.

$(6 \times 4 = 24)$

## ഡി വിഭാഗം

നാലു പുറത്തിൽ കവിയാതെ (നാനൂറ് വാക്ക്) **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32. ഡോ എം. ലീലാവതിയുടെ 'വേദനപ്പെടുന്നവരുടെ അമ്മ' എന്ന നിരൂപണത്തെ അടിസ്ഥാനമാക്കി ലളിതാംബിക അന്തർജനത്തിന്റെ സാഹിത്യദർശനം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

33. ഇന്ത്യൻ ഭരണഘടനയിലെ മതേതര രാഷ്ട്രസങ്കല്പം വിശദീകരിക്കുക.

34. ഹൃദയ ബന്ധങ്ങളുടെ തീവ്രമായ നഷ്ടസ്മൃതികളാണ് 'ഓർമകൾ ചന്ദനഗന്ധം പോലെ' എന്ന കൃതിയിലുള്ളത്—ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

35. ഇന്റർനെറ്റിന്റെ വാണിജ്യപരമായ സാധ്യതകൾ വിലയിരുത്തി കൊണ്ട് ഒരു ഉപന്യാസം തയ്യാറാക്കുക.

(2 × 15 = 30)